ചുരുക്കത്തിൽ, ധനശാസ്ത്രജ്ഞരും ദാർശനികരും തമ്മിൽ നടക്കണ മെന്നുദ്ദേശിച്ച സംവാദം മ്യൂണിക്ക് സമ്മേളനത്തിൽ നടക്കാതെപോയി. 'മൂഷികയുക്തി'ക്കു തുല്യമായ ഒന്നാണ് 'മനുഷ്യയുക്തി' എന്നേ ആധുനിക ധനശാസ്ത്രജ്ഞർ കരുതുന്നുള്ളുവെന്നും, മനുഷ്യചിന്തയ്ക്കു കാര്യമായ എന്തെ ങ്കിലും സംഭാവന നൽകാൻ ഇന്നത്തെ പാശ്ചാത്യ ദാർശനികർക്കു കഴിവി ല്ല എന്നും മ്യൂണിക്ക് സമ്മേളനത്തിൽനിന്നു വ്യക്തമായി.

എലിയും മനുഷ്യനും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ എന്ന, ലളിത മായ, ചോദ്യം അവിടെ ഉന്നയിക്കപ്പെട്ടില്ല!

(26 ആഗസ്റ്റ്, 1984)

# 47. കൂട്ടത്തിൽ തനിയെ

സ്വാർത്ഥപ്രേരിതനായ മനുഷ്യൻ വരുത്തിവെക്കുന്നവയും പരിഹാരമില്ലാ ത്തവയെന്നു തോന്നുന്നവയുമായ പ്രശ്നങ്ങളിൽപ്പെട്ടു നട്ടം തിരിയുമ്പോരം അനന്തമായ നീലാകാശത്തിലേക്കു നോക്കുക എത്രമാത്രം ആശ്വാസമാണു നൽകുകയെന്നോ!

'അവിടെ, അതാ, 'ക്ഷീരപഥ'മെന്ന നമ്മുടെ ഗാലക്സി. നഗ്നനേ ത്രങ്ങരംകൊണ്ടു നമുക്ക് അതു കാണാം. നമ്മുടെ സൂര്യനെപ്പോലെയുള്ള പതിനായിരം കോടി സൂര്യന്മാർ ഈ ഗാലക്സിയിലുണ്ടെന്ന് ജ്യോതിശ്ശാ സ്ത്രജ്ഞർ പറയുന്നതിനെ അവിശ്വസിക്കേണ്ട കാര്യമില്ല. ക്ഷീരപഥ' ത്തെപ്പോലെ വേറെയും ഗാലക്സികരം ഉണ്ടോ? ഉണ്ട്. ഗണിതശാസ്ത്രത്തിൽ വിഭാവനംചെയ്യപ്പെടുന്ന എണ്ണങ്ങളുപയോഗിച്ച് പ്രതിപാദിക്കാൻ കഴിയാ ത്തതുകൊണ്ട്, ഗാലക്സികളുടെ എണ്ണം 'അനന്ത'മാണെന്ന് ജ്യോതിശ്ശാസ്ത്ര ജ്ഞർ പറയുന്നു. ഈ ഗാലക്സികളിൽ എത്ര സൂര്യന്മാർ ഉണ്ടാവും? 'നൂറു കോടി കോടി കോടിയെങ്കിലും' എന്നാണ് ഉത്തരം. ഈ സംഖ്യ നമ്മു ടെ ചിന്തയ്ക്ക് അതീതമാണ്. 'എത്രയെങ്കിലും' എന്നു പറയുകയാണു ഭേദം.

നമ്മുടെ സൂര്യന് ഒമ്പതോ പത്തോ ഗ്രഹങ്ങരം ഉള്ളതിൽ ഒന്നാണ് ഭൂമി. ക്ഷീരപഥമെന്ന ഗാലക്സിയിലെ പതിനായിരം കോടി സൂര്യന്മാ ർക്കും, ക്ഷീരപഥത്തിനപ്പുറത്തെ 'അനന്തം' ഗാലക്സികളിലെ 'എത്രയെങ്കി ലും' സൂര്യന്മാർക്കും ഭൂമിയെപ്പോലെയുള്ള ഗ്രഹങ്ങരം ഉണ്ടായിക്കൂടായ്ക യില്ല. സമാനസാഹചര്യങ്ങളിൽ, ഈ ഗ്രഹങ്ങളിലും ജീവൻ ആവിർഭവി ക്കുകയും, പരിണാമത്തിന്റെ പല പടവുകളിലൂടെ വികസിക്കുകയും ചെയ്തിട്ടുണ്ടാവാം. മനുഷ്യവർഗത്തിന്റേതിനു തുല്യമോ, മനുഷ്യവർഗ ത്തിന്റേതിനേക്കാരം ഏറെ പുരോഗമിച്ചതോ ആയ സഭ്യതകരംക്കു ഗ്രഹാ ന്തരങ്ങളിലെ ജീവൻ ജന്മം നൽകിയുമിരിക്കാം. എങ്കിൽ ഈ ഗ്രഹാന്തര സഭ്യതകളെപ്പററി മനസ്സിലാക്കുവാനുള്ള കഴിവു മനുഷ്യനു കൈവന്നിട്ടു ണ്ടോ?

ഏതാണ്ടു പരന്ന ഒരു തളികയുടെ ആകൃതിയാണ് ക്ഷീരപഥത്തിന്. ഒരു സെക്കൻഡിൻ 1,86,000 (ഒരു ലക്ഷത്തി എൺപത്താറായിരം) മൈൽ ദൂരം സഞ്ചരിക്കുന്ന പ്രകാശം ഈ തളികയുടെ ഒരു വക്കിൽനിന്നു മറേറ വക്കിൽ എത്താൻ ഏകദേശം ഒരുലക്ഷം സംവത്സരം എടുക്കുന്നു. അതായതു്, ക്ഷീരപഥത്തിന്റെ ഒരററത്തുനിന്ന് അയയ്ക്കുന്ന, പ്രകാശ രൂപത്തിലുള്ള, ഒരു സന്ദേശം, അതിന്റെ ഏതാണ്ടു മദ്ധ്യത്തിലുള്ള ഭൂമി

യിലെത്താൻ അമ്പതിനായിരം സംവത്സരമെങ്കിലും വേണം. മറെറാരു വിധത്തിൽ പറഞ്ഞാൽ, ക്ഷീരപഥത്തിന്റെ വക്കിൽ നാം ഇന്നു കാണുന്നതു്, അമ്പതിനായിരം വർഷംമുമ്പു് അവിടെനിന്നു പുറപ്പെട്ട പ്രകാശപുഞ്ജത്തെയാണു്. അതു് അവിടെനിന്നു പുറപ്പെടുന്ന കാലത്തു് ഭൂമിയിൽ നഗരസഭ്യതയോ കാർഷികവ്യവസ്ഥിതിയോ ഉണ്ടായിക്കഴിഞ്ഞുവോ എന്നു സംശയമാകുന്നു. പ്രകാശത്തേക്കാൾ വേഗമുള്ള ഒരു വസ്തു, ഒരുപക്ഷേ, ശാസ്ത്രജ്ഞന്റെ സങ്കല്പത്തിൽ മാത്രമേ നിലവിലുള്ളൂ. പ്രകാശരൂപത്തിലുള്ള ഒരു സന്ദേശം ഇന്നു നാം ബാഹ്യാന്തരീക്ഷത്തിലേക്കയച്ചാൽ, ക്ഷീരപഥത്തിന്റെ ഒരററത്തു് ആ സന്ദേശം എത്തുമ്പോഴേക്കു്, അമ്പതിനായിരം വർഷം കഴിഞ്ഞിരിക്കും. അന്നേക്കു് ആ സന്ദേശമയച്ച മനുഷ്യവർഗം അവശേഷിച്ചിരിക്കുമോ ആവോ? ഭൂമി ഉൾപ്പെട്ട ഗാലക്സിയുടെ കഥയാണിതു്. ക്ഷീരപഥത്തിൽനിന്നു് ഏററവും അടുത്തുള്ള ഗാലക്സിയിലേക്കുള്ള ദൂരം ഇരുപതു ലക്ഷം പ്രകാശവർഷങ്ങളാണത്രെ. അവിടെനിന്നു വീണ്ടും അഞ്ഞൂറു കോടി പ്രകാശവർഷം ദൂരെയുള്ള നക്ഷത്രങ്ങളേയും തങ്ങളുടെ ദൂരദർശിനികൾ കാണുന്നുണ്ടെന്നു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നു. എന്നാലും നാം അറിയുന്ന വസ്തുക്കളിൽ ഏററവുമധികം വേഗമുള്ള പ്രകാശം ഉപയോഗിച്ചുപോലും ഈ വിദൂരമേഖലകളുമായി സന്ദേശം കൈമാറുക സാദ്ധ്യമല്ല.

ഈ സ്ഥിതിയിൽ, ഗ്രഹാന്തരസഭ്യതകളെപ്പററി മനുഷ്യർ എങ്ങനെ മനസ്സിലാക്കാനാണു്?

ഇതു നമ്മെപ്പോലുള്ള സാധാരണക്കാരുടെ നിരാശതയാണു്. ശാസ്ത്രജ്ഞന്മാർ അങ്ങനെ എളുപ്പത്തിൽ പരാജയം സമ്മതിക്കുവാൻ തയ്യാറല്ല. 'ആകാശഗംഗ'യിൽ (ക്ഷീരപഥത്തിൽ)തന്നെ ഒരുലക്ഷത്തി അമ്പതിനായിരം വ്യത്യസ്തസ്ഥലങ്ങളിൽ ജീവനുണ്ടായിരിക്കാമെന്നു ചില സോവിയററ് ശാസ്ത്രജ്ഞർ കരുതുന്നു. പ്രപഞ്ചത്തിലുള്ള അസംഖ്യം നക്ഷത്രങ്ങളിലും ഗ്രഹങ്ങളിലും ജീവനുണ്ടാകാനുള്ള സാദ്ധ്യത (ശ്രീലങ്കയിലെ ഒരു ശാസ്ത്രജ്ഞനായ) ഡോ. സിറിൽ പൊന്നം പെരുമയും ദർശിക്കുന്നുണ്ടു്. 'ആകാശത്തുള്ള നക്ഷത്രങ്ങളുടെ എണ്ണം, കുറഞ്ഞതു്, നൂറു കോടി കോടി കോടി എങ്കിലും വരും. ഇവ ഓരോന്നും ഓരോ സൂര്യന്മാരാണു്. അവയുടെ ചുററും ഗ്രഹങ്ങളും കണ്ടേക്കും. (ഈ) ഗ്രഹങ്ങളിലും ജീവനുണ്ടാകാമല്ലോ. പ്രപഞ്ചത്തിൽ ഒരുകോടി കോടി കോടി സ്ഥലങ്ങളിൽ ജീവനുണ്ടാകുമെന്നു് ഡോ. പൊന്നം പെരുമ കരുതുന്നു.' (ജീവൻ—ഡോ. എ. എൻ. നമ്പൂതിരി, പേ. 74).

ഗ്രഹാന്തരങ്ങളിൽ ജീവികളുണ്ടെങ്കിൽ, അവർക്കു മനുഷ്യരുടെ നിലനില്പിനെപ്പററി അറിയാൻ ഉപയോഗപ്പെട്ടേക്കാവുന്ന സന്ദേശങ്ങൾ (സിഗ്നലുകൾ) മനുഷ്യർ ബോധപൂർവം ബാഹ്യാന്തരീക്ഷത്തിലേക്കയച്ചതു് കഷ്ടിച്ചു പത്തുവർഷം മുമ്പു മാത്രമാണു്. അതായതു്, ബാഹ്യാന്തരീക്ഷത്തിലേക്കു സന്ദേശപ്രേഷണത്തിനുള്ള സാങ്കേതികമായ കഴിവു നേടി, മനുഷ്യവർഗം 'അന്തരീക്ഷസംസ്കാര'ദശയിലേക്കു പ്രവേശിച്ചിട്ടു് പത്തു വർഷമേ ആയിട്ടുള്ളൂ. അന്തരീക്ഷസംസ്കാരദശയിൽ ആയിരത്താണ്ടുകൾ മുമ്പു് എത്തിച്ചേർന്ന ജീവികൾ മററു ഗ്രഹങ്ങളിലുണ്ടെങ്കിൽ, അവരുമായേ ഇന്നു നമുക്കു് ആശയവിനിമയം സാദ്ധ്യമായിട്ടുള്ളൂ. ഇതിനർത്ഥം, ആയിരത്താണ്ടുകൾ മുമ്പു് നമ്മുടെ ഭൂഗോളത്തെയും അതിലെ ജീവിവർഗത്തെയും പററി മനസ്സിലാക്കി, ഈ ഭൗമജീവിവർഗവുമായി ആശയവിനിമയത്തിനു യത്നിച്ചുതുടങ്ങിയ, നാഗരികതയിൽ നമ്മേക്കാൾ എത്രയോ കൂടുതൽ മുന്നോട്ടുപോയ, ഗ്രഹാന്തരജീവിവർഗങ്ങളുമായേ നമുക്കു സംവദിക്കാൻ കഴിയൂ എന്നാണു്. ദിവ്യതയെപ്പററിയുള്ള നമ്മുടെ

സങ്കല്പങ്ങൾക്ക് ഒട്ടെങ്കിലും അടുത്തെത്തിയവരായിരിക്കണം ഈ ഗ്രഹാന്തരജീവികൾ. അവർ നമുക്ക് ഒരു സന്ദേശം അയയ്ക്കുകയാണെങ്കിൽ, അതു് ഏതു രൂപത്തിലുള്ളതായിരിക്കും?

ഗ്രഹാന്തരജീവിതപഠനത്തിൽ സോവിയററ് ശാസ്ത്രജ്ഞർക്കുള്ള താല്പര്യത്തെപ്പററി സൂചിപ്പിച്ചുവല്ലോ. സോവിയററ് സംസ്കാരം. ശാസ്ത്രം, സങ്കേതവിദ്യ എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാൻ നോവോസ്റ്റി പ്രസ്സ് ഏജൻസി പ്രസിദ്ധീകരിക്കുന്ന ബുള്ളററിനിൻെറ 1984 ജൂണിലെ ലക്കത്തിൽ, ഒരു സോവിയററ് ജ്യോതിശ്ശാസ്ത്രജ്ഞനായ ബോറിസ് ഫെസെങ്കോവിൻെറ 'ഗ്രഹാന്തര സഭ്യതയിൽനിന്നു് ഒരു സന്ദേശം' എന്ന ലേഖനം ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്. ഈ ലേഖനം, മുമ്പു് ഉന്നയിച്ച ചോദ്യത്തിനു സംഭാവ്യമായ ഒരു ഉത്തരം നൽകുന്നു.

മററു ഗ്രഹങ്ങളിലുള്ള അതിബുദ്ധിശാലികളായ ജീവികൾ തങ്ങളുടെ നിലനില്പിനെപ്പററി അറിയിക്കുവാൻ നമുക്കു നൽകിയേക്കാവുന്ന സന്ദേശം തുടർച്ചയായ റേഡിയോതരംഗങ്ങൾ ആകാൻ തരമില്ല. കാരണം, അങ്ങനെ തുടർച്ചയായി റേഡിയോപ്രക്ഷേപണം നടത്താൻ വളരെയധികം ഊർജം ചെലവഴിക്കേണ്ടതുണ്ട്. കൃത്രിമമായി നിർമിച്ച പ്രകാശപുഞ്ജങ്ങളുടെ രൂപത്തിലുള്ളതാണു് ഊർജച്ചെലവു കുറഞ്ഞതും, അതിനാൽത്തന്നെ കൂടുതൽ സംഭാവ്യവുമായ ഗ്രഹാന്തരസന്ദേശം.

ഈ സന്ദേശത്തിൻെറ ഉള്ളടക്കം എന്തായിരിക്കും? മനുഷ്യസഭ്യതയെക്കാൾ പുരോഗമിച്ച സഭ്യതയുള്ള ഒരു ജീവിവർഗം നമുക്കു നൽകുന്ന സന്ദേശം സ്നേഹനിർഭരമായ ഒന്നായിരിക്കും. വിശ്വാസം, വിനയം, ഔദാര്യം എന്നിവ ഉൾക്കൊള്ളുന്ന സന്ദേശമേ, അതു നൽകുന്നവനോടു്, സ്വീകരിക്കുന്നവനു സ്നേഹം ഉളവാക്കുകയുള്ളൂ. അതിനാൽ ഗ്രഹാന്തര സന്ദേശത്തിൽ ഈ മൂന്നു സവിശേഷതകളും അടങ്ങിയിരിക്കണമെന്നു് ബോറിസ് ഫെസങ്കോ കരുതുന്നു.

വളരെ പുരോഗമിച്ച സഭ്യതയുള്ള ഒരു ജീവിവർഗത്തിനു് നമ്മിൽനിന്നു കാര്യമായൊന്നും പഠിക്കാനില്ല. നാം അവർക്കു് എന്തെങ്കിലും തിരിച്ചു നൽകണമെന്ന ആഗ്രഹമില്ലാത്ത ഒരു ഗ്രഹാന്തര ജീവിവർഗം നമുക്കു് അയയ്ക്കുന്ന ഒരു സന്ദേശത്തിൽ, നാം വ്യാഖ്യാനിച്ചു് അർത്ഥം ഗ്രഹിക്കേണ്ട എന്തെങ്കിലും വിവരങ്ങൾ അടക്കിയിരിക്കുക എന്നതു് സംഭാവ്യമല്ല. ഇക്കാരണംകൊണ്ടും, അത്തരമൊരു സന്ദേശം അന്തരീക്ഷത്തിൽനിന്നുള്ള ഒരു പ്രകാശപുഞ്ജം (സ്പേസ്ബീക്കൺ) മാത്രമായിരിക്കാനാണു സാദ്ധ്യത. ആകാശത്തിലുള്ള അസംഖ്യം തേജോഗോളങ്ങൾക്കിടയിൽ ഈ പ്രകാശപുഞ്ജം തിരിച്ചറിയപ്പെടണമെന്നതിൽ മാത്രമായിരിക്കും അതു് അയച്ചവർ ശ്രദ്ധിച്ചിരിക്കുക. കൃത്രിമമായ (നിർമിതമായ), അതിനാൽത്തന്നെ 'അത്ഭുതം' (മിറക്കിൾ) എന്നു വിവരിക്കപ്പെടാവുന്ന, ഒരു പ്രതിഭാസമായിരിക്കണം ഇതു്. ആകസ്മികമാണതെന്നു കരുതാനുള്ള സാഹചര്യങ്ങൾ വിരളമായിരിക്കണം.

ബാഹ്യാന്തരീക്ഷത്തിൽനിന്നു ഭൂമിയിലേക്കു് അയയ്ക്കപ്പെടുന്ന പ്രകാശരൂപത്തിലുള്ള ഒരു സന്ദേശം എവിടെയാണു പ്രത്യക്ഷപ്പെടുക? ഭൂമിക്കു് അന്തരീക്ഷത്തിൽ നിയതമായ ഒരു സ്ഥാനം ഇല്ല. സൂര്യനുചുററും അവിരാമമായി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണു ഭൂമി. സൂര്യനാകട്ടെ, ഭൂമിയിൽനിന്നു കാണാവുന്ന ഒരു വാർഷികചലനവും, ക്ഷീരപഥത്തിനകത്തുള്ള മറെറാരു ചലനവുമുണ്ട്. സെക്കൻഡിൽ ഇരുനൂറുനാഴിക വേഗത്തിൽ ക്ഷീരപഥത്തിനകത്തു് ഒരു വട്ടം സഞ്ചരിക്കുന്നതിനു് സൂര്യൻ എട

കുന്ന സമയം നമ്മുടെ ഇരുപത്തു കോടി സംവത്സരമാണ്. അതിനാൽ, ആ ചലനത്തെ പരിഗണിക്കാതെ, സൂര്യന്റെ വാർഷികസഞ്ചാര വൃത്തത്തിന്റെ കേന്ദ്രത്തിനു മുകളിൽ (എക്ലിപ്റ്ററിക് പോൾ) കാണത്തക്കവിധത്തിൽ, ആയിരിക്കും പ്രകാശരൂപത്തിലുള്ള ഗ്രഹാന്തരസന്ദേശം പ്രത്യക്ഷപ്പെടുക. ഈ പ്രദേശത്തു കാണപ്പെടുന്ന പ്രകാശപുഞ്ജത്തെ തിരിച്ചറിഞ്ഞു വ്യാഖ്യാനിക്കുവാൻ സാധിക്കുക ഭൂമിയിലെ ജീവികൾക്കുമാത്രമായിരിക്കും.

ഏറെക്കുറെ ഇപ്പറഞ്ഞ സ്ഥാനത്തു പച്ചനിറത്തിലുള്ള ഒരു ചെറുമേഘവും അതിന്റെ നടുവിൽ ചൂടുള്ള ഒരു നക്ഷത്രവും താൻ തിരിച്ചറിഞ്ഞതായി ബോറിസ് ഫെസങ്കോ പറയുന്നു. ഇതൊരു 'ഗ്രഹനെബുല'യാണ്. 'എൻജിസി 6543' എന്ന പേരിൽ അറിയപ്പെടുന്ന ഇതിന് സാധാരണ ഗ്രഹനെബുലകളുടെ പത്തിലൊന്നു പ്രകാശമുണ്ട്. ബുദ്ധിപൂർവം നിർമിക്കപ്പെട്ട ഒരു സന്ദേശമല്ലാതെ, ഇതൊരു ആകസ്മിക പ്രതിഭാസമാകാനുള്ള സാദ്ധ്യത 0.0005–ൽ (പതിനായിരത്തിന്റെ അഞ്ചിലൊരംശത്തിൽ) അധികമില്ലെന്നാണ് ബോറിസ് ഫെസങ്കോവിന്റെ അഭിപ്രായം.

'എൻജിസി 6543' വെറും കണ്ണുകൊണ്ടു കാണാൻ കഴിയുകയില്ല. ഭൂമിയിൽനിന്ന് അതിലേക്കുള്ള ദൂരം മൂവായിരം പ്രകാശവർഷത്തോളമാണ്. ഇതിനർത്ഥം ഈ സന്ദേശം അയച്ചതു മൂവായിരം വർഷം മുമ്പായിരിക്കണമെന്നാണല്ലോ. മനുഷ്യസംസ്കാരം വളരാൻ തുടങ്ങിയ കാലത്താവണം ഈ സന്ദേശം അയയ്ക്കപ്പെട്ടത്. 'ഭൂമിയെപ്പറ്റി (മൂവായിരം വർഷം മുമ്പ്) മനസ്സിലാക്കുകയും, ഭൂമിയിൽ മനുഷ്യവർഗത്തിന്റെ വികാസത്തെയും, മനുഷ്യവർഗം നേരിടാനിടയുള്ള പ്രയാസങ്ങളെയും മുൻകൂട്ടി കാണുകയുംചെയ്യുവരാണ് ഈ സന്ദേശം നമുക്കയച്ച ഗ്രഹാന്തരജീവികൾ. അത്ര ദൂരത്തിലുള്ള ഈ പുരോഗത സംസ്കാരജീവികൾ ഭൂമിയിലെ കാര്യങ്ങളിൽ നേരിട്ട് ഇടപെടുക സംഭവ്യമല്ല' എന്ന് ബോറിസ് ഫെസങ്കോ പറയുന്നു.

യുദ്ധത്തെ എന്നെന്നേക്കുമായി ഇല്ലാതാക്കുകയാണെങ്കിൽ മനുഷ്യവർഗത്തിനു ശോഭനമായ ഒരു ഭാവിയുണ്ടെന്ന സന്ദേശമാണ് 'എൻജിസി 6543' നൽകുന്നതെന്ന് ബോറിസ് ഫെസങ്കോ കരുതുന്നു. 'മനുഷ്യന് ഏററവും ഉത്തമമായ ഔഷധം മറെറാരു മനുഷ്യനാണ്. ഒരു സമൂഹത്തിന് ഏററവും ഉത്തമമായ ഔഷധം ഒരുപക്ഷേ, മറെറാരു സമൂഹം ആയിരിക്കാം. വ്യത്യസ്ത കാലഘട്ടങ്ങളിൽ പ്രപഞ്ചത്തിന്റെ വ്യത്യസ്ത പ്രദേശങ്ങളിൽ ജീവൻ ഉത്ഭവിക്കുന്നു എങ്കിൽ, പഴയ സമൂഹങ്ങളുടെ രൂപത്തിലുള്ള ഒരു സംഘടിതശക്തി പുതിയ ജീവസമൂഹങ്ങളെ ഒരുപക്ഷേ, ആത്മനാശത്തിൽനിന്നു രക്ഷിക്കുന്നുണ്ടാവാം. ഈ പഴയ സമൂഹങ്ങൾ ഒരു നിശ്ചിത നിയമത്തെ അതിലംഘിക്കുന്നില്ല. ഓരോ പൂവിനും അതാതിന്റെ വാസന ഉണ്ടാകണമെന്നതാണ് ഈ നിയമം. നേരിട്ട് ഉപദേശിക്കാതെ ഈ പ്രാചീനസമൂഹങ്ങൾ നമ്മെ ധർമം ഉദ്ബോധിപ്പിക്കുന്നു. പ്രപഞ്ചത്തിൽ നാം ഏകാകികളല്ലെന്നും, നമ്മുടെ നിലനില്പിനെപ്പററി അറിയുകയും, നമ്മുടെ സാമാന്യബുദ്ധിയിൽ വിശ്വസിക്കുകയും, നമുക്കു ശ്രേയസ്സു നേരുകയുംചെയ്യുന്ന വ്യക്തികൾ വേറെയുമുണ്ടെന്നുമുള്ള വസ്തുത നാം മനസ്സിലാക്കുന്നതുതന്നെ ഭൂമിയിലെ അണുയുദ്ധസർവസംഹാരഭീഷണിക്കു പരിഹാരമായേക്കാം' എന്ന് ബോറിസ് ഫെസങ്കോ തുടരുന്നു.

അങ്ങനെ ആയെങ്കിൽ!

(22 ആഗസ്റ്റ്, 1984)